LIBRARY ARCHIVES Kerala Legislative Assembly

സബർബൻ റെയിൽ പദ്ധതി

28(*208) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽ പദ്ധതിയുടെ അടങ്കൽ തുകയിലെ കേന്ദ്ര - സംസ്ഥാന വിഹിതം എത്ര വീതമാണ് ;

(ബി) പദ്ധതിയിൽ ആദ്യഘട്ടമായി എത്ര കിലോമീറ്റർ ആണ് ഉൾപ്പെടുത്തിയത് ;

(സി) എത്ര കാലത്തിനുള്ളിൽ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) പദ്ധതി ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് പദ്ധതിയുടെ DPR-ലെ ശിപാർശ.

(ബി) തിരുവനന്തപുരം-ചെങ്ങന്നൂർ-125.56 കിലോമീറ്റർ.

(സി) പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് പ്രകാരം റെയിൽവേയിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കാനുള്ള അനുമതികൾ എല്ലാം ലഭ്യമായ ശേഷം മൂന്നു കൊല്ലംകൊണ്ട് നിർദ്ദിഷ്ട സബർബൻ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം

29(*209) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്കു ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;